REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 07-04-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ലോക്സഭ തിരഞ്ഞെടുപ്പിൽ പ്രചാരണ പരിപാടികൾ സുഗമമാക്കാൻ സജ്ജീകരിച്ച സുവിധ പോർട്ടൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ.
- കേരളമടക്കം സംസ്ഥാനങ്ങളിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ നാളെകൂടി അവസരം.
- KSRTC ബസ്സ് സർവ്വീസ് കൂടുതൽ ജനോപകാര പ്രദമാക്കാൻ ചെയർമാൻ കം മാനേജിംഗ് ഡയറക്ടർ, മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.
- ഇന്ത്യ - ഓസ്ട്രേലിയ ഹോക്കി പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഉച്ച കഴിഞ്ഞ് ഇന്ത്യൻ പുരുഷ ടീം ഓസ്ട്രേലിയയെ നേരിടും.

## വാർത്തകൾ വിശദമായി

ലോക്സഭ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെയും രാഷ്ട്രീയ പാർട്ടികളുടെയും തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ സുഗമമാക്കാൻ സജ്ജീകരിച്ച സുവിധ പോർട്ടൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് 20 ദിവസത്തിനകം സുവിധ പോർട്ടലിൽ 73,000 ത്തിലധികം അപേക്ഷകൾ ലഭിച്ചതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഇതിനകം 44,600 അപേക്ഷകളിൽ അനുമതി നൽകിയിട്ടുണ്ട്.

തിരഞ്ഞെടുപ്പ് റാലികൾ, പാർട്ടി ഓഫീസുകൾ തുറക്കൽ തുടങ്ങിയവയ്ക്കും വീഡിയോ വാനുകൾ ഉൾപ്പെടെ വാഹനങ്ങളുടെ ഉപയോഗത്തിനും ലഘുലേഖ വിതരണത്തിനും അനുമതി നൽകുന്നത് സുവിധ പോർട്ടൽ വഴിയാണ്.

✪✪✪

ഇന്ത്യയിലെയും US-ലെയും ദക്ഷിണ കൊറിയയിലെയും പൊതു തെരഞ്ഞെടുപ്പ് അലങ്കോലപ്പെടുത്താൻ ചൈന ഒരുങ്ങുകയാണെന്ന് മൈക്രോസോഫ്റ്റ് മുന്നറിയിപ്പ് നൽകി. നിർമ്മിത ബുദ്ധി സംവിധാനങ്ങൾ ഇതിനായി പ്രയോഗിച്ചേക്കും എന്നാണ് മൈക്രോ സോഫ്റ്റിന്റെ വിലയിരുത്തൽ. തെയ്-വാൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ നിർമ്മിത ബുദ്ധി ഉപയോഗിച്ച് ഫലത്തിൽ മാറ്റം വരുത്താൻ ചൈന പരീക്ഷണം നടത്തിയെന്നാണ് വെളിപ്പെടുത്തൽ.

✪✪✪

രണ്ടാം ഘട്ടത്തിൽ ലോക്സഭ തിരഞ്ഞെടുപ്പ് നടക്കുന്ന കേരളം ഉൾപ്പെടെ സംസ്ഥാനങ്ങളിൽ നാമനിർദേശ പത്രിക പിൻവലിക്കാൻ സമയപരിധി നാളെ അവസാനിക്കും. കടുത്ത വേനൽ ചൂടിനെ അവഗണിച്ച് സംസ്ഥാനത്തെ 20 മണ്ഡലങ്ങളിലും പ്രചാരണം ഊർജ്ജിതമാണ്.

കാസർഗോഡ് ലോക്സഭാ മണ്ഡലത്തിൽ വാശിയേറിയ ത്രികോണമത്സരമാണ് ഇക്കുറി നടക്കുന്നത്. മൂന്ന് മുന്നണികളും പ്രചാരണത്തിൽ ഒപ്പത്തിനൊപ്പമാണ്. അകം പൊള്ളിക്കുന്ന രാഷ്ട്രീയ ചൂടിനൊപ്പം പുറം പൊള്ളിക്കുന്ന മീനച്ചൂടും സഹിച്ചാണ് സ്ഥാനാർത്ഥികളും പ്രവർത്തകരും രംഗത്തുള്ളത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി ജഗന്നിവാസൻ .....

.......വോയിസ് ........

✪✪✪

കോഴിക്കോട് ലോക്സഭാ മണ്ഡലം UDF സ്ഥാനാർഥി M.K രാഘവൻ ബീച്ച് റോഡിലെ ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി. സ്ഥാനാർത്ഥിയുടെ കോഴിക്കോട് നോർത്ത് നിയോജകമണ്ഡലം തെരഞ്ഞെടുപ്പ് പ്രചാരണം തുടരുകയാണ്.

LDF സ്ഥാനാർത്ഥി എളമരം കരീം കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ കല്ലായി പന്നിയങ്കര എന്നിവിടങ്ങളിൽ പര്യടനം നടത്തി.

NDA സ്ഥാനാർഥി M.T രമേശ് കുന്ദമംഗലം മണ്ഡലത്തിലാണ് പര്യടനം നടത്തുന്നത്.

✪✪✪

പാലക്കാട്, ആലത്തൂർ ലോക്സഭാ മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികൾ വീടുകൾ കയറിയുള്ള പ്രചാരണത്തിന്റെ തിരക്കിലാണ്. ആലത്തൂർ മണ്ഡലം LDF സ്ഥാനാർഥി K.

രാധാകൃഷ്ണൻ, ഇന്ന് നെന്മാറ മണ്ഡലത്തിലാണ് പ്രചാരണം നടത്തുന്നത്. UDF സ്ഥാനാർഥി രമ്യ ഹരിദാസ്, ഇന്ന് ചേലക്കരയിലും NDA സ്ഥാനാർഥി ഡോ. T.N. സരസു കുന്നംകുളത്തും പ്രചാരണം നടത്തും.

പാലക്കാട് മണ്ഡലത്തിലെ സ്ഥാനാർഥി V.K.ശ്രീകണ്ഠൻ ഇന്ന് പാലക്കാടും, LDF സ്ഥാനാർത്ഥി A. വിജയരാഘവൻ, NDA സ്ഥാനാർഥി C. കൃഷ്ണകുമാർ എന്നിവർ അട്ടപ്പാടിയിലുമാണ് പ്രചാരണം നടത്തുന്നത്.

✪✪✪

തിരുവനന്തപുരത്തെ NDA സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖറിനെതിരെ LDF, തിരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകി. രാജീവ് ചന്ദ്രശേഖർ സമർപ്പിച്ച സത്യവാങ്മൂലത്തിൽ തെറ്റായ വിവരം നൽകിയെന്ന് കാണിച്ചാണ് പരാതി.

രാജീവ് ചന്ദ്രശേഖർ, ജൂപ്പിറ്റർ ക്യാപിറ്റൽ അടക്കം കമ്പനികളിലെ പ്രധാന ആസ്തികൾ രേഖപ്പെടുത്താതെയാണ് നാമനിർദേശ പത്രികക്കൊപ്പം സത്യവാങ്മൂലം നൽകിയതെന്ന് പരാതിയിൽ പറയുന്നു.

✪✪✪

എന്നാൽ, സത്യവാങ്മൂലത്തിലെ എല്ലാ വിവരങ്ങളും പൂർണമായും നിയമപരമായാണ് സമർപ്പിച്ചതെന്ന് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. രാജ്യസഭ എംപിയെന്ന നിലയിൽ നൽകിയ സത്യവാങ്മൂലത്തിലും ഇതേ വിവരങ്ങളാണ് നൽകിയതെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ കണ്ണൂർ ജില്ലയിൽ അഞ്ച് ഓക്സിലറി പോളിങ് സ്റ്റേഷനുകൾ അംഗീകരിച്ച് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായതായി ജില്ലാ കലക്ടർ അരുൺ K. വിജയൻ അറിയിച്ചു. ഇതോടെ ജില്ലയിലെ പോളിങ് സ്റ്റേഷനുകളുടെ എണ്ണം 1866 ആയി.

✪✪✪

ഈ മാസം 19 ന് തിരഞ്ഞെടുപ്പ് നടക്കുന്ന പുതുച്ചേരി ലോക്സഭാ മണ്ഡലത്തിന്റെ ഭാഗമായ മാഹിയിൽ വോട്ടെടുപ്പിന് ഒരുക്കങ്ങൾ പൂർത്തിയായി. 31 ബൂത്തുകളാണ് മാഹിയിലുള്ളത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി K.O. ശശിധരൻ.......

.........വോയ്സ്............

✪✪✪

ആലപ്പുഴയിൽ UDF സ്ഥാനാർത്ഥി KC വേണുഗോപാലിന്റെ തിരഞ്ഞെടുപ്പ് പര്യടനം ഇന്ന് കർണാടക ഉപമുഖ്യമന്ത്രി D K ശിവകുമാർ ഉദ്ഘാടനം ചെയ്യും. വൈകിട്ട് ചേർത്തല മുനിസിപ്പൽ മൈതാനത്താണ് പരിപാടി. തുടർന്ന് ഇരുവരും ചേർന്ന് റോഡ് ഷോയും നയിക്കും. മുതിർന്ന UDF നേതാക്കളും റോഡ്ഷോയിൽ പങ്കെടുക്കും.

✪✪✪

സംസ്ഥാനത്തെ മികച്ച ജീവിതനിലവാരവും സാമൂഹ്യ സാഹചര്യങ്ങളും LDF നയത്തിന്റെ ഫലമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. മാവേലിക്കര ലോക്സഭ മണ്ഡലം LDF തിരഞ്ഞെടുപ്പ് പ്രചാരണം കുന്നത്തൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

വൈകിട്ട് ചെന്നിത്തല, പത്തനാപുരം എന്നിവിടങ്ങളിലെ പ്രചാരണ പരിപാടികളിലും മുഖ്യമന്ത്രി പങ്കെടുക്കും.

✪✪✪

CPIM തൃശൂർ ജില്ലാ കമ്മറ്റിയുടെ ബാങ്ക് അക്കൗണ്ട് മരവിപ്പിച്ച നടപടി നിയമപരമായി നേരിടുമെന്ന് CPIM സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ പറഞ്ഞു. നടപടി ഇ.ഡി., ഐ.ടി., വകുപ്പുകളുടെ കടന്നുകയറ്റമാണെന്നും അദ്ദേഹം ആരോപിച്ചു.

✪✪✪

ഇന്ന് ലോകാരോഗ്യ ദിനം. 1948 ൽ ലോകാരോഗ്യ സംഘടന സ്ഥാപിതമായ ഏപ്രിൽ ഏഴാണ് ലോകാരോഗ്യ ദിനമായി ആചരിക്കുന്നത്. 'എന്റെ ആരോഗ്യം, എന്റെ അവകാശം' എന്നതാണ് ഈ വർഷത്തെ ലോകാരോഗ്യദിന പ്രമേയം. ലോകാരോഗ്യ ദിനാചരണത്തിന്റെ ഭാഗമായി ആരോഗ്യമന്ത്രാലയത്തിന്റെയും സംസ്ഥാന ആരോഗ്യവകുപ്പുകളുടെയും മെഡിക്കൽ സംഘടനകളുടെയും നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ പുരോഗമിക്കുകയാണ്.

✪✪✪

മൂന്ന് സേനാ വിഭാഗങ്ങളുടെയും തലവൻമാർ പങ്കെടുക്കുന്ന പരിവർത്തൻ ചിന്തൻ സമ്മേളനം നാളെ ഡൽഹിയിലെ ഡിഫൻസ് സ്റ്റാഫ് ഹെഡ് ക്വാർട്ടേഴ്സിൽ ചേരും. സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ സമ്മേളനത്തിൽ അധ്യക്ഷനാകും. സൈന്യത്തിൽ കൊണ്ടുവരേണ്ട പുതുമകളും മാറ്റങ്ങളും പരിഷ്കരണങ്ങളും സംയുക്ത നടപടികളും സമ്മേളനം ചർച്ച ചെയ്യും.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളജിലെ ICU വിൽ പീഡിപ്പിക്കപ്പെട്ട അതിജീവിതയെ പിന്തുണച്ചതിന്റ പേരിൽ നടപടി നേരിട്ട നഴ്സിങ് ഓഫീസർ P.B. അനിത തിരികെ ജോലിയിൽ പ്രവേശിച്ചു. സ്ഥലംമാറ്റം റദ്ദാക്കിയ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഗവണ്മെന്റ് അവർക്ക് നിയമനം നൽകി ഉത്തരവിറക്കിയത്. എന്നാൽ ആരോഗ്യവകുപ്പ് ഹൈക്കോടതിയിൽ നൽകിയ പുനഃപരിശോധനാ ഹർജിയിലെ തീരുമാനത്തിന് വിധേയമായിരിക്കും നിയമനമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

പുനപരിശോധന ഹരജിയുമായി ആരോഗ്യവകുപ്പ് മുന്നോട്ടുപോകുന്ന സാഹചര്യത്തിൽ ഗവണ്മെന്റിനെതിരെ നൽകിയ കോടതിയലക്ഷ്യ ഹർജി പിൻവലിക്കില്ലെന്ന് അനിത പറഞ്ഞു.

✪✪✪

KSRTC ബസ്സ് സർവ്വീസ് കൂടുതൽ ജനോപകാര പ്രദമാക്കാൻ ചെയർമാൻ കം മാനേജിംഗ് ഡയറക്ടർ, മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. യാത്രക്കാർക്ക് മാന്യവും സുരക്ഷിതവുമായ യാത്ര ഉറപ്പാക്കണമെന്ന് മാർഗ്ഗനിർദ്ദേശങ്ങളിൽ പറയുന്നു.

ഡെസ്ക് റിപ്പോർട്ട്

--------(വോയ്സ്)------------

വയോജനങ്ങളോടും ഭിന്നശേഷിക്കാരോടും കുട്ടികളോടും KSRTC ജീവനക്കാർ അന്തസ്സും ആദരവും പുലർത്തണമെന്ന് മാർഗനിർദേശത്തിൽ വ്യക്തമാക്കുന്നു. സീറ്റ് ലഭ്യമാണെങ്കിൽ, സ്വിഫ്റ്റ് - സൂപ്പർ ഫാസ്റ്റ് വരെ ബസ്സുകൾ യാത്രക്കാർ കൈക്കാണിച്ചാൽ നിർത്തി അവരെ കയറ്റണം. ബസ്സ് സ്റ്റേഷനിൽ നിന്ന് പുറത്തേക്കിറങ്ങുമ്പോഴും സ്റ്റോപ്പുകളിൽ നിന്ന് വാഹനമെടുക്കുമ്പോഴും യാത്രക്കാർ കൈക്കാണിച്ചാൽ ബസ്സ് നിർത്തിക്കൊടുക്കണം.

രാത്രി പത്ത് മുതൽ പുലർച്ചെ ആറ് വരെ ദീർഘ ദൂര സർവ്വീസുകൾ യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലത്ത് ബസ് സ്റ്റോപ്പിൽ നിർത്തിക്കൊടുക്കണം. സ്ത്രീ യാത്രക്കാർക്ക് രാത്രി എട്ട് മുതൽ പുലർച്ചെ ആറ് വരെ മിന്നൽ ഒഴികെ സർവ്വീസുകൾ അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ നിർത്തണം. വയോജനങ്ങളെയും ഭിന്നശേഷിക്കാരെയും

കുട്ടികളെയും ബസ്സിൽ കയറാനും ഇറങ്ങാനും ആവശ്യമെങ്കിൽ കണ്ടക്ടർ സഹായിക്കേണ്ടതാണ്.

ഒരേ റൂട്ടിലേക്ക് ഒന്നിലേറെ ബസ്സുകൾ കോൺവോയ് ആയി സർവ്വീസ് നടത്തുന്നത് ഒഴിവാക്കണമെന്ന് നിർദ്ദേശത്തിൽ പറയുന്നു. ഡ്രൈവർമാരെയും കണ്ടക്ടർമാരെയും ബ്രീത്ത് അനലൈസർ ഉപയോഗിച്ച് മദ്യപിച്ചിട്ടില്ലെന്ന് ഉറപ്പാക്കി മാത്രമെ ഡ്യൂട്ടിക്ക് നിയോഗിക്കാവൂവെന്നും നിർദ്ദേശമുണ്ട്.

✪✪✪

ഇന്ത്യ - ഓസ്ട്രേലിയ അഞ്ച് മത്സര ഹോക്കി പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യൻ പുരുഷ ടീം ഇന്ന് ഓസ്ട്രേലിയയെ നേരിടും. പെർത്തിൽ ഉച്ചക്ക് കഴിഞ്ഞ് 2.10 നാണ് മത്സരം.

ആദ്യ മത്സരത്തിൽ ഇന്നലെ ഓസ്ട്രേലിയ 5-1ന് ഇന്ത്യയെ പരാജയപ്പെടുത്തി. പരമ്പരയിലെ മൂന്നാം മത്സരം ബുധനാഴ്ചയാണ്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ, ബംഗലൂരുവിനെ നേരിടും. വൈകീട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം.

ഇന്നലെ കേരള ബ്ലാസ്റ്റേഴ്സ്, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനോട് ഏകപക്ഷീയമായ രണ്ടു ഗോളിന് പരാജയപ്പെട്ടു. മറ്റൊരു മത്സരത്തിൽ മോഹൻബഗൻ ഏകപക്ഷീയമായ ഒരുഗോളിന് പഞ്ചാബ് FC യെയും തോൽപ്പിച്ചു.

IPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് ഡൽഹി ക്യാപിറ്റൽസിനെ നേരിടും. മുംബൈയിൽ ഉച്ചകഴിഞ്ഞ് മൂന്നരയ്ക്കാണ് മത്സരം. മറ്റൊരു മത്സരത്തിൽ വൈകീട്ട് ഏഴരയ്ക്ക്, ലക്നൗ സൂപ്പർ ജയന്റ്സ് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.

ഇന്നലെ ജയ്പൂരിൽ റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ രാജസ്ഥാൻ റോയൽസ് ആറ് വിക്കറ്റിന് പരാജയപ്പെടുത്തി.

ലോക്സഭാ തിരഞ്ഞെടുപ്പ് ബോധവൽക്കരണത്തിന്റെ ഭാഗമായി സ്വീപിന്റെ ആഭിമുഖ്യത്തിൽ കണ്ണൂരിൽ സൗഹൃദ ക്രിക്കറ്റ് മത്സരം വൈകിട്ട് നടത്തും. കണ്ണൂർ പോലീസ് ടർഫിൽ റവന്യൂ - ഫോറസ്റ്റ് ഓഫീസ് ടീമുകൾ കണ്ണൂർ സിറ്റി പോലീസ്, കണ്ണൂർ റൂറൽ പോലീസ് എന്നിവരുടെ ടീമിനെ നേരിടും.